# അന്യായമായ ധനാർജനം

അബ്ദുൽജബ്ബാർ കൂരാരി

عَن أَبِى هُرَيْرَةَ رَضِي اللّٰهُ عَنهُ عَنِ النَّبِيِّ ﷺ قَالَ: يَأْتِي عَلَى النَّاسِ زَمَانٌ لَا يُبَالِي الْمَرأُ مَا أَخَذَ مِنْهُ أَمِنَ الحَلَالِ أَم مِنَ الحَرَامِ

**അബൂഹുറയ്റ(റ)യിൽനിന്ന്: പ്രവാചകൻ പറഞ്ഞു: "ഹറാമിൽ നിന്നാണോ ഹലാലിൽനിന്നാണോ താൻ എടുത്തത് എന്ന് നോക്കാതെ മനുഷ്യൻ ധനം വാരിക്കൂട്ടുന്ന കാലം വരാനിരിക്കുന്നു" (ബുഖാരി)**

**ധനം** സമ്പാദിക്കുന്നതിൽ ന്യായാന്യായങ്ങൾ തീരെ പരിഗണിക്കാത്ത ദുരവസ്ഥ വരുംകാലത്തുണ്ടാകുമെന്ന പ്രവാചക പ്രവചനമാണിത്. ഇന്ന് പകൽവെട്ടം പോലെ ആ പ്രവചനം പുലർന്നിരിക്കുന്നു.

അല്ലാഹു പറയുന്നു: "ശുദ്ധമായ ആഹാരം കഴിച്ച് കൊള്ളുക" (23:51) "ന്യായരഹിത മാർഗത്തിലൂടെ ധനംകരസ്ഥമാക്കി തിന്നരുത്" (2:188). വിശ്വാസികൾ ഈ പരിശുദ്ധി നിലനിർത്തണം. സാമ്പത്തിക കാര്യങ്ങളിലും ആഹാരാദി കാര്യങ്ങളിലും വിശുദ്ധി പാലിക്കാനാണ് ഇസ്‌ലാം നിഷ്കർഷിക്കുന്നത്. അന്യായമായ ധനാർജനം വിശ്വാസത്തിന് വിരുദ്ധമത്രെ.

ധനസമ്പാദനം മോശമായി ഇസ്‌ലാം കാണുന്നില്ല. മറിച്ച് പുണ്യകർമമാണ്. അല്ലാഹുവിന്റെ അനുഗ്രഹം തേടിപ്പിടിക്കലാണത്. പക്ഷേ, ധനാർജനത്തിൽ അന്യായവും അശുദ്ധിയും കലരാതെ ശ്രദ്ധിക്കണം. ധനസമ്പാദനവും വിനിമയവും രണ്ടും അല്ലാഹുവിന്റെ കൽപനകൾക്ക് വിധേയമായിരിക്കാൻ വിശ്വാസികൾക്ക് ബാധ്യതയുണ്ട്. സമ്പാദ്യം ശുദ്ധവും സുതാര്യവുമായില്ലെങ്കിൽ ദൈവകോപത്തിനത് ഇടവരുത്തും.

ഹറാമായ മാർഗത്തിലൂടെയുള്ള ധനസമ്പാദനം കഠിന ശിക്ഷക്ക് കാരണമാകുമെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. മോഷണത്തിന് തക്കതായ ശിക്ഷ നൽകാൻ ഇസ്‌ലാം വിധിച്ചിട്ടുണ്ട്. വഞ്ചന നടത്തുന്നവർ നമ്മിൽ പെട്ടവരല്ലെന്ന് നബി(സ) പ്രഖ്യാപിച്ചു. പലിശയെ പൈശാചികമെന്ന് ഖുർആൻ വിശേഷിപ്പിച്ചു. കൊള്ളലാഭം നിരോധിച്ചു. കൈക്കൂലി വാങ്ങുന്നവനെയും കൊടുക്കുന്നവനെയും ശപിച്ചു.

"ഒരു ചാൺ ഭൂമി അന്യന്റേത് പിടിച്ചെടുത്താൽ അന്ത്യനാളിൽ ഏഴ് ഭൂമികൾ അവന്റെ കഴുത്തിൽ മാലയായി ചാർത്തുമെന്ന്" പ്രവാചകൻ താക്കീത് നൽകി. ഇങ്ങനെ തെറ്റായി രീതിയിലുള്ള ധനാർജനങ്ങളെല്ലാം ഇസ്‌ലാം വിരോധിച്ചു.

നിഷിദ്ധമായ ഒരു ധാന്യമണി പോലും വയറ്റിൽ കടക്കരുതെന്ന് നിർബന്ധമുള്ളവരായിരുന്നു നമ്മുടെ മുൻഗാമികൾ.

ഒരിക്കൽ അബൂബക്കർ സിദ്ദീഖ്(റ)ന് തന്റെ അടിമ ഒരു ഭക്ഷണപ്പൊതി സമ്മാനിച്ചു. അദ്ദേഹം അത് ഭക്ഷിച്ചു. ഭക്ഷണാനന്തരം ഭൃത്യൻ പറഞ്ഞു: "മുമ്പ് പ്രശ്നം വെച്ച വകയിൽ എനിക്ക് കിട്ടിയതാണത്. പ്രശ്നം വെക്കാൻ എനിക്ക് അറിയുകയില്ല. ഞാനയാളെ പറ്റിക്കുകയാണ് ചെയ്തത്." ഇത് കേട്ട പാടെ അബൂബക്കർ തൊണ്ടയിൽ വിരൽ കടത്തി ഭക്ഷണം മുഴുവനും ഛർദിച്ചു. നിഷിദ്ധത്തിന്റെ ഒരംശം പോലും വയറ്റിൽ ബാക്കി വെച്ചില്ല.

സഅ്ദുബ്നു അബീ വഖാസ്(റ) പ്രവാചകനോട് പറഞ്ഞു: "റസൂലേ, പ്രാർഥന സ്വീകരിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ എന്നെ ചേർക്കാൻ അങ്ങ് അല്ലാഹുവിനോട് പ്രാർഥിച്ചാലും." പ്രവാചകൻ പറഞ്ഞു: "സഅ്ദേ, നീ നിന്റെ ആഹാരം വിശുദ്ധമാക്കുക. നിന്റെ പ്രാർഥന തിരസ്കരിക്കപ്പെടുകയില്ല." സഅ്ദ്(റ) പറയുന്നു: "അതിന് ശേഷം ഞാൻ എന്റെ വായിലേക്ക് അന്യായമായി ഒരു ഭക്ഷണവും കടത്തിയിട്ടില്ല."

പണത്തോടുള്ള അതിര് വിട്ട മോഹമാണ് പലരെയും പാപത്തിന്റെ പടുകുഴിയിലേക്ക് എടുത്തെറിയുന്നത്. പണം നാഥൻ നൽകുന്ന അനുഗ്രഹമാണെന്നോർക്കുകയും താനതിലൂടെ പരീക്ഷിക്കപ്പെടുകയാണെന്ന് ചിന്തിക്കുകയുമാണ് യഥാർഥ വിശ്വാസി ചെയ്യേണ്ടത്. ■